ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

കേരള സർക്കാർ

സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ
കളമശ്ശേരി– 683 104.
വെബ് സൈറ്റ് – ww.sdcentre.org
ഇ-മെയിൽ: sdckalamassery@gmail.com
Phone: 0484 2556530

അപ്രന്റീസ് പരിശീലനത്തിന് 2000 ഒഴിവുകൾ

ഡിപ്ലോമ/ ബി.ടെക്./ബി.എ/ ബി.എസ്.സി./ ബി.കോം/ ബി ബി എ/ ബിസിഎ/ നഴ്സിങ്/ ബി.ഫാം/ ഡി.ഫാം/ ഹോട്ടൽ മാനേജ്മെന്റ് യോഗ്യതയുള്ളവർക്ക് അപ്രന്റീസ് ട്രെയിനിങ്ങിന് അവസരം

സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ/ സ്വകാര്യ സ്ഥാപനങ്ങളിലായി രണ്ടായിരത്തോളം അപ്രന്റീസ് ഒഴിവുകളിലേക്ക് ഉദ്യോഗാർഥികളെ തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരി സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണമേഖലാ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിങ്ങും ചേർന്ന് അപ്രന്റീസ് തെരഞ്ഞെടുപ്പ് മേള സംഘടിപ്പിക്കുന്നു.

2026 **ഡിസംബർ 05, ശനിയാഴ്ച്ച** കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ വച്ച് നടക്കുന്ന തെരഞ്ഞെടുപ്പ് മേളയിലൂടെ വിവിധ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അപ്രൻറീസുകളെ തെരഞ്ഞെടുക്കുന്നതാണ്. കൊച്ചി മെട്രോ, HOC, FACT, DP WORLD, KSEB, BSNL, കേന്ദ്ര പ്രതിരോധ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ട്, കണ്ണൂർ എയർപ്പോർട്ട് ഹിന്ദുസ്ഥാൻ യൂണിലിവർ തുടങ്ങി നിരവധി സ്ഥാപനങ്ങൾ പങ്കെടുക്കുന്നു.

യോഗ്യത : ത്രിവത്സര പോളിടെക്നിക് ഡിപ്ലോമ, ബി.ടെക്, ബി.എ, ബി.എസ്.സി, ബി.കോം, ബിബിഎ, ബിസിഎ, നഴ്സിങ്, ബി.ഫാം, ഡി.ഫാം, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾ പാസ്സായി അഞ്ച് വർഷം കഴിയാത്തവർക്കും അപ്രന്റീസ് ആക്ട് പ്രകാരം മുൻപ് പരിശീലനം നേടിയിട്ടില്ലാത്തവർക്കും അപേക്ഷിക്കാവുന്നതാണ്.

സ്റ്റൈപ്പെന്റ് : ഡിഗ്രീ യോഗ്യതയുള്ളവർക്ക് പ്രതിമാസം 12300 രൂപയും, ഡിപ്ലോമ യോഗ്യതയുള്ളവർക്ക് 10900 രൂപയും സ്റ്റൈപ്പന്റായി ലഭിക്കുന്നതാണ്. ചില സ്ഥാപനങ്ങൾ ഇതിലും ഉയർന്ന തുക നല്കുന്നുണ്ട്. ട്രെയിനിങ്ങിനു ശേഷം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യാതലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുള്ളതാണ്

താല്പര്യമുള്ള ഉദ്യോഗാർഥികൾ എസ് ഡി സെന്ററിൽ രജിസ്റ്റർ ചെയ്തതിനു ശേഷം ഇ മെയിൽ മുഖേന ലഭിച്ച രജിസ്ട്രേഷൻ കാർഡും സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും അസ്സലും, പകർപ്പുകളും ബയോഡാറ്റയുടെ പകർപ്പും സഹിതം 2026 ഡിസംബർ 05 ശനിയാഴ്ച്ച രാവിലെ 9 മണിക്ക് കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതാണ്. അപേക്ഷകർക്ക് ഇഷ്ടാനുസരണം ഒന്നിലധികം സ്ഥാപനങ്ങളിലെ അഭിമുഖങ്ങളിൽ

പങ്കെടുക്കാവുന്നതാണ്. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഉദ്യോഗാർത്ഥികൾ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ ഡിസംബർ 4 ന മുൻപായി ഓൺലൈൻവഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിനായി www.sdcentre.org എന്നവെബ് സൈറ്റ് സന്ദർശിക്കുക.

സ്ഥലം : **സർക്കാർ പോളിടെക്നിക് കോളേജ്, കളമശ്ശേരി, എറണാകുളം**

ഇന്റർവ്യൂസമയം : **9 AM മുതൽ**

തീയതി : **05.12.2026, ശനിയാഴ്ച്ച**

വിഭാഗം : **എല്ലാ ഡിപ്ലോമ, ബി.ടെക്, ബി.എ, ബി.എസ്.സി, ബി.കോം, ബിബിഎ, ബിസിഎ നഴ്സിങ്, ബി.ഫാം, ഡി.ഫാം, ഹോട്ടൽ മാനേജ്മെന്റ്**

ഫോൺ : **0484 2556530**
ഇമെയിൽഐഡി : **sdckalamassery@gmail.com**

പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെയും, ലഭ്യമായ ഒഴിവുകളുടെയും വിവരങ്ങളും, ഇന്റർവ്യൂമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളും എന്നിവ www.sdcentre.org എന്ന വെബ്സൈറ്റിൽ ഡിസംബർ 3-ന് പ്രസിദ്ധീകരിക്കുന്നതാണ് .

SUPERVISORY DEVELOPMENT CENTRE KALAMASSERY-683 104 ★ DEPARTMENT OF TECHNICAL EDUCATION ★

അസിസ്റ്റന്റ് ഡയറക്ടർ

ASSISTANT DIRECTOR
SUPERVISORY DEVELOPMENT CENTRE
DEPARTMENT OF TECHNICAL EDUCATION
KALAMASSERY-683 104